**ഭരണഭാഷ-മാതൃഭാഷ**

**പി.ആർ. സുരേഷ്, ഐ.എഫ്.എസ്**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
മൂന്നാർ ഡിവിഷൻ, ദേവികുളം, പിൻ-685613
ഫോൺ: 04865 264237,
ഫാക്സ്: 04865 64327
Mob:9447979045
ഇ-മെയിൽ: dfo-mnr.for@ kerala.gov.in

**എൽ/എം.7-3477/2019** **തീയതി : 16.06.2021**

പ്രോജക്ട് മാനേജർ
തോട്ടിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്,
കരിമണൽ, തട്ടേക്കണ്ണി പി.ഒ
ഇടുക്കി

സർ,

വിഷയം: വനം വകുപ്പ് - മൂന്നാർ ഡിവിഷൻ - തൊട്ടിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നിന്നും 220 കെ.വി ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിന് ഫോറസ്റ്റ് ക്ലിയറൻസ് (ആക്ട്) പ്രകാരം വനഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: (1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയത്തിന്റെ 04.06.2021-ലെ ക്വറി.
(2) FP/KL/HYD/11977/2015-Proposal.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. തൊട്ടിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നിന്നും 220 കെ.വി ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിന് 0.7945 ഹെക്ടർ വനഭൂമി ആവശ്യമായി വരുന്നതിനാൽ അതിനുവേണ്ടിയുളള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതാണ്. എന്നാൽ ടി 0.7945 ഹെക്ടർ വനഭൂമിക്ക് പകരമായി വനവൽക്കരണത്തിനായി ചിന്നക്കനാൽ വില്ലേജിൽ റവന്യൂ പുറമ്പോക്ക് നിലവിലുളളതാണ്. ആയതിനാൽ ടി വനഭൂമിക്ക് പകരമായി ടി പുറമ്പോക്ക് ഭൂമി ലഭിക്കുന്നതിനായി ബഹു. ഇടുക്കി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

for
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മൂന്നാർ ഡിവിഷൻ

പകർപ്പ്- ബഹു. ജില്ലാ കളക്ടർ, ഇടുക്കി. അറിവിലേയ്ക്കായി സമർപ്പിക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി വനഭൂമി ആവശ്യം വരുന്നതാണ്. അതിന് പകരമായി വനവൽക്കരണത്തിന് റവന്യൂ ഭൂമി കണ്ടെത്തി നൽകുന്നതിനുളള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പകർപ്പ്- എക്സിക്യൂട്ടീവ് എൻജിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോതമംഗലം-ന്റെ അറിവിനായി നൽകുന്നു. മേൽ സൂചിപ്പിച്ചിട്ടുളള ആവശ്യത്തിന് വേണ്ടിയുളള വനഭൂമിക്ക് പകരമായി പരിഹാര വനവൽക്കരണം നടത്തുന്നതിനുളള റവന്യൂ ഭൂമി കണ്ടെത്തുന്നതിന് ബഹു. ജില്ലാ കളക്ടർ, ഇടുക്കിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കാൻ താൽപര്യപ്പെടുന്നു.